III. സബ്മിഷൻ

(1) കെൽട്രോൺ കൗണ്ടേഴ്സ് പ്രശ്നം പരിഹരിക്കുന്നതിനുള്ള ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കണമെന്ന ആവശ്യം

പ്രതിപക്ഷനേതാവ് (*ശ്രീ. വി. എസ്. അച്ചുതാനന്ദൻ*): കേരളത്തിലെ പ്രശസ്തമായ കെൽട്രോൺ കൗണ്ടേഴ്സ് സ്വകാര്യവൽക്കരിക്കുന്നതിന് വേണ്ടിയുള്ള നീക്കം ആരംഭിച്ചപ്പോൾ അതിനെതിരായിട്ട് തൊഴിലാളികൾ നടത്തി വരുന്ന സമരം 2005 ആഗസ്റ്റ് മൂന്നാകുമ്പോൾ ഒരു കൊല്ലം തികയുകയാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റ് തൊഴിലാളി സംഘടനകളുടെ നേതാക്കന്മാരുമായി ചർച്ച ചെയ്തിട്ട് കമ്പനിക്ക് ഒറ്റത്തവണ സാമ്പത്തികസഹായം നൽകി പ്രവർത്തനം തുടരാൻ സഹായിക്കും; നിലവിലുള്ള സാദ്ധ്യത പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സമിതിയെ നിയോഗിക്കും; ആ സമിതിയുടെ ശുപാർശപ്രകാരം മേൽനടപടി സ്വീകരിക്കും; മാസങ്ങളായി ശമ്പളം ലഭിക്കാതിരുന്ന ജീവനക്കാർക്ക് അടിയന്തിരമായി സാമ്പത്തികസഹായം ചെയ്യും; എന്നീ ഉറപ്പുകൾ നൽകിയെങ്കിലും അങ്ങനെ ഉറപ്പ് നൽകിയ കൂടിയാലോചനായോഗത്തിന്റെ മിനിട്ട്സ് കൊടുക്കാൻ തന്നെ ഏതാണ്ട് 35 ദിവസമെടുത്തു. ഒടുവിൽ മിനിട്ട്സ് കൊടുത്തുവെങ്കിലും ഒത്തു തീർപ്പനുസരിച്ചുള്ള യാതൊരു നടപടികളും ഇതുവരെയുണ്ടായില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ച് ഇങ്ങനെയൊരു ഒത്തു തീർപ്പുണ്ടായിട്ടും അതു നടപ്പിലാക്കുന്നില്ലല്ലോ, എന്തു കൊണ്ടാണ് അങ്ങനെ ചെയ്യാത്തത്, തൊഴിലാളികളുടെ പ്രതിനിധികൾ എന്റടുത്ത് വന്നിരിക്കുകയാണ് ഞാൻ മുഖ്യമന്ത്രിയുടെ അടുത്തേക്ക് അവരെ അയയ്ക്കട്ടെ എന്നു ചോദിച്ചു, അയയ്ക്കാൻ പറഞ്ഞു. മുഖ്യമന്ത്രി അവരുമായിട്ട് സംസാരിച്ച് ഉടനെതന്നെ പരിഹാരമുണ്ടാക്കാം, വൺ ടൈം സെറ്റിൽമെന്റ് എന്നുള്ള തരത്തിൽ ഗവൺമെന്റ് ഒരു പ്രാവശ്യം സഹായിക്കാമെന്ന് പറഞ്ഞു. പക്ഷേ ആ വാഗ്ദാനം ഇതുവരെ പാലിക്കാതിരുന്നതിന്റെ ഫലമായി പട്ടിണി കിടക്കുന്ന തൊഴിലാളികൾ, ഈ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന ജീവൻമരണ സമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയും ഗവൺമെന്റും നൽകിയ ഉറപ്പുകൾ ഇതുവരെ നടപ്പിലാക്കാൻ തുനിഞ്ഞിട്ടില്ല. ഈ വിഷമകരമായ സ്ഥിതി പരിഹരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെട്ട് വൺ ടൈം സെറ്റിൽമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് ഈ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് പറഞ്ഞിട്ടും ഒരു നടപടിയുമെടുത്തിട്ടില്ല. ഇതുപോലെ സഭ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ മിനിസ്റ്റേഴ്സിനെ മാത്രമല്ല മുഖ്യമന്ത്രിയെതന്നെ നിവേദകർ ഇങ്ങനെ വട്ടമിട്ടുകൊണ്ടിരിക്കുന്നതിന്റെ ഫലമായിട്ട് ഈ പ്രശ്നങ്ങളൊന്നും തന്നെ മുഖ്യമന്ത്രിക്കോ മന്ത്രിമാർക്കോ ശ്രദ്ധിക്കാനുള്ള അവസരം കിട്ടുന്നില്ല. നമ്മുടെ ഈ സഭയുടെ ഗതികേട് നോക്കണം. ഞാൻ പറഞ്ഞുവന്നത്, അങ്ങടക്കം നേതൃത്വം കൊടുത്തിട്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടായിട്ടില്ല എന്നാണ്. ഈ പ്രശ്നത്തിൽ അടിയന്തിര പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാനിത് പറയുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (*ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്*): സർ, കെൽട്രോൺ കൗണ്ടേഴ്സ് തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് തൊഴിലാളി യൂണിയൻ പ്രതിനിധികളും രാഷ്ട്രീയ നേതാക്കന്മാരുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 17-3-2005-ന് നടന്ന കൂടിയാലോചനാ യോഗത്തിൽ കമ്പനിയുടെ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതി പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും പ്രസ്തുത റിപ്പോർട്ട് പഠിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാനും തീരുമാനിക്കുകയുണ്ടായി. വി.ആർ.എസ്. വാങ്ങി പിരിയാത്ത തൊഴിലാളികൾക്ക് ഉടനടി എന്തെങ്കിലും സാമ്പത്തികസഹായം ചെയ്യാൻ സാധിക്കുമോ എന്നുള്ള വിഷയം പരിശോധിച്ച് റിപ്പോർട്ട് ക്യാബിനറ്റ് സബ് കമ്മിറ്റിയിൽ സമർപ്പിക്കണമെന്നും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ റിയാബ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നാല് അംഗങ്ങൾ അടങ്ങിയ ഒരു വിദഗ്ദ്ധസമിതിയെ 22-4-2005-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. പ്രസ്തുത സമിതി 30-6-2005-ൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. തൊഴിലാളികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ചുള്ള വിഷയം ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ക്യാബിനറ്റ് സബ് കമ്മിറ്റി 9-ാം തീയതി ചേരുന്നുണ്ട്.

മി. സ്പീക്കർ: പി. സി. ജോർജും വേറെ ചില അംഗങ്ങളും കൂടി ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസ് തന്നിരുന്നു. അത് ഒരു പ്രധാനപ്പെട്ട സബ്മിഷനായി എടുക്കുകയാണ്.